## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. BINDU GOPINATH)

വിഷയം:- വനിത ശിശു വികസന വകുപ്പ് – ICDS Project/ICDS Cell - 15 വർഷത്തിലധികം കാലപ്പഴക്കമുള്ള സർക്കാർ വാഹനങ്ങൾക്ക് പകരം കരാർ വാഹനം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:

1. സ.ഉ.(സാധാ) നം.152/2025/WCDD ; തിയതി : 15.04.2025
2. വനിത ശിശു വികസന ഡയറക്ടറുടെ 14.06.2024 –ലെ DWCD/437/2024-D1 നമ്പർ പരിപത്രം.

**ഉത്തരവ് നം. DWCD/3306/2023-D1 ; തീയതി: 22-04-2025**

15 വർഷത്തിലധികം കാലപ്പഴക്കമുള്ള സർക്കാർ വാഹനങ്ങൾ നിരത്തിലിറക്കാൻ സാധിക്കാത്തതു കാരണം 9 ICDS Cell കാര്യാലയങ്ങളിലെയും 62 ICDS പ്രോജക്ടുകളിലെയും ഉൾപ്പെടെ ആകെ 71 സർക്കാർ വാഹനങ്ങൾ ഉപയോഗശൂന്യമായിരിക്കുന്നു. ടി വാഹനങ്ങൾക്ക് പകരം കരാർ വാഹനം വാടകയ്ക്കെടുക്കുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ സൂചിപ്പിച്ച 62 ICDS പ്രോജക്ടുകളിൽ, ഡ്രൈവർ തസ്തിക നിലവിലില്ലാത്ത 32 കാര്യാലയങ്ങളിൽ wet lease വ്യവസ്ഥയിൽ 1500 കി.മീറ്ററിന് 35000/- രൂപ നിരക്കിൽ ഒരു വർഷത്തേയക്ക് പരാമർശം (2) ലെ നിബന്ധനകൾ പാലിച്ചുകൊണ്ട് കരാർ വാഹനം വാടകയ്ക്കെടുക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. നിലവിൽ കരാർ വാഹനമുള്ള ICDS Cell കാര്യാലയങ്ങളിലും ICDS പ്രോജക്ടുകളിലും വാഹന കാലാവധി തീരുന്ന മുറയ്ക്ക് പുതിയ നിരക്കിൽ കരാർ വാഹനം വാടകയ്ക്കെടുക്കാവുന്നതാണ്.

ഡ്രൈവർ തസ്തിക നിലവിലുള്ള 9 ICDS Cell കാര്യാലയങ്ങളിലും 30 ICDS പ്രോജക്ടുകളിലും dry lease വ്യവസ്ഥയിൽ (ഡ്രൈവറില്ലാതെ വാഹനം മാത്രം) 1500 കി. മീറ്ററിന് 28000/- രൂപ നിരക്കിൽ ഒരു വർഷത്തെയ്ക്ക് കരാർ വാഹനം വാടകയ്ക്കെടുക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു. Dry lease വ്യവസ്ഥയിൽ വാഹനമെടുക്കുമ്പോൾ ചുവടെപ്പറയുന്ന നിബന്ധനകൾ ടെണ്ടറിൽ ഉൾപ്പെടുത്തേണ്ടതാണ്.

1. വാഹനത്തിന് 12 വർഷത്തിലധികം കാലപ്പഴക്കം പാടില്ല.
2. വാഹനത്തിന്റെ രജിസ്റ്റേർഡ് ഉടമസ്ഥൻ തന്നെയായിരക്കണം ടെണ്ടറിൽ പങ്കെടുക്കേണ്ടത്.
3. വാഹനത്തിന്റെ ഡ്രൈവറെ വനിത ശിശു വികസന വകുപ്പ് നിയമിക്കുന്നതാണ്.
4. വാഹനത്തിന് വടകയായി 28000/- രൂപ മാത്രം വകുപ്പിൽ നിന്നും നൽകുന്നതാണ്. വാഹനത്തിന്റെ ഫ്യൂവൽ ചാർജ്ജ്, ഇൻഷുറൻസ്, ടാക്സ്, മറ്റ് അറ്റകുറ്റപ്പണികൾ എന്നിവ വാഹന ഉടമ വഹിക്കേണ്ടതാണ്.
5. വാഹനം ഏതെങ്കിലും അറ്റകുറ്റപ്പണികളുടെ ഭാഗമായോ, അല്ലാതെയോ

പ്രവർത്തനരഹിതമായാൽ ഉടമ പകരം വാഹനം നൽകേണ്ടതാണ്.

വാടകയിനത്തിലുള്ള ചെലവ് PFMS ൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള 03-05-hiring for vehicles/petrol, oil & lubricant of vehicles എന്ന കംപോണന്റിൽ ഉൾപ്പെടുത്തി SNA അക്കൗണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും.

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ(i/c)**

പകർപ്പ് :

1. സൂപ്രണ്ട്, ഡി സെക്ഷൻ.
2. സൂപ്രണ്ട്, എ സെക്ഷൻ.
3. സ്റ്റോക്ക് ഫയൽ/ സ്പെയർ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്